# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

**പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം**

**ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in**


**നം. COAPAD/3319/2025-C2** **തീയതി : 10-11-2025**

**<u>ക്വട്ടേഷൻ പരസ്യം</u>**

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി)-ലെ പ്രധാന കെട്ടിടം, ഫാം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ അടിച്ചുവാരി വൃത്തിയാക്കുകയും, ടോയ്ലറ്റുകളും കുളിമുറിയും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കുകയും ചെയ്യുന്ന ജോലി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു. ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് **പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി)-ലെ ശുചീകരണ പ്രവൃത്തിക്കുള്ള ക്വട്ടേഷൻ** എന്ന് രേഖപ്പെടുത്തണം. ഒരു വർഷത്തേക്കായിരിക്കും പ്രവൃത്തി കാലാവധി.

ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും (പൊതു അവധി ദിവസങ്ങളിലൊഴികെ) എല്ലാ ടോയ്ലറ്റുകളും കുളിമുറികളും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കിയിരിക്കണം. കഴുകുന്നതിന് ആവശ്യമായ സാമഗ്രികൾ ഓഫീസിൽ നിന്നും നൽകുന്നതാണ്.

മേൽപ്പറഞ്ഞ ജോലി നിർവ്വഹിക്കുന്നതിന് ഒരു ദിവസം എത്ര രൂപ പ്രതിഫലം എന്ന് ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ **21.11.2025** ന് രാവിലെ **11** മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ ഹാജരായ ക്വട്ടേഷൻകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം രാവിലെ **11.30** മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്. സ്വീകരിക്കപ്പെടുന്ന ക്വട്ടേഷൻ സമർപ്പിച്ചയാൾ **200/-** രൂപ മുദ്രപത്രത്തിൽ ഒരു കരാർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി നൽകേണ്ടതാണ്. കൂടാതെ ഒരു വർഷത്തേക്കുള്ള മൊത്തം കരാർ തുകയുടെ **5%** സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്. സർക്കാർ നിബന്ധനകളെല്ലാം ഇതിന് ബാധകമാണ്.

ഫാമിന്റെ പ്രവൃത്തി സമയത്ത് (രാവിലെ **7.30** മുതൽ വൈകുന്നേരം **5** മണി വരെ) മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ. ടോയ്ലറ്റ്/കുളിമുറി/ഹോസ്റ്റൽ എന്നിവയുടെ എണ്ണവും വിസ്തീർണ്ണവും, വാഷ്ബേസിനുകളുടെ എണ്ണവും മറ്റും ഓഫീസിൽ വന്ന് നേരിട്ട് മനസ്സിലാക്കാവുന്നതാണ്.

ക്വട്ടേഷൻ സ്വീകരിക്കപ്പെടുന്നയാൾക്ക് പ്രസ്തുത കരാറിന്മേലുള്ള പ്രതിഫലത്തിനുള്ള അവകാശത്തിന് പുറമേ സർവ്വകലാശാലയ്ക്ക് കീഴിൽ ഭാവിയിൽ യാതൊരുവിധ നിയമനത്തിനുമുള്ള അവകാശം ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ജോലി ചെയ്തതിനുള്ള പ്രതിഫലം ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

വർഷത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ പ്രതിഫലം ലഭിക്കുന്ന സാഹചര്യത്തിൽ ആദായ നികുതി ഈടാക്കുന്നതാണ് അതിനായി പാൻകാർഡ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉയർന്നനിരക്കിൽ നികുതി ഈടാക്കുന്നതാണ്.

ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ തുറന്ന് നടപടികൾ പൂർത്തീകരിക്കുന്നതായിരിക്കും.

വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി തൊട്ടടുത്ത ദിവസം ജോലിക്ക് ഹാജരാകേണ്ടതാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ : **0467 2280616 & 0467 2280358.**

**Dr. Sajitha Rani T**

**DEAN**

പകർപ്പ്:

1. നോട്ടീസ് ബോർഡ് (കോളേജ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കോളേജ് വെബ്സൈറ്റ്
6. ഡോ.മണികണ്ഠൻ എൻ., അസിസ്റ്റന്റ് പ്രൊഫസർ, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II-ന്റ ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ശ്രീമതി. രേഖ എം., ഫാം മാനേജർ, ഇൻസ്ട്രേക്ഷണൽ ഫാം യൂണിറ്റ്-I & II
8. വർക്ക് കമ്മിറ്റി അംഗങ്ങൾ
9. D2 സെക്ഷൻ

**// അംഗീകാരത്തോടുകൂടി അയക്കുന്നത് //**

Signed by
Sudhir C
Date: 10-11-2025 16:13:11

**സെക്ഷൻ ഓഫീസർ**